"ഭരണഭാഷ - മാതൃഭാഷ"

ചീഫ് എൻജിനീയറുടെ കാര്യാലയം
തദ്ദേശസ്വയംഭരണ വകുപ്പ്
റവന്യൂ കോംപ്ലക്സ്, മൂന്നാം നില
പബ്ലിക്ക് ആഫീസ് ബിൽഡിംഗ്,
തിരുവനന്തപുരം-33

Phone : 0471-2324951
0471-2325071
TeleFAX:04712324951
email: celsgd@gmail.com
website: www.celsgd.com

നം.ഡിബി4/9576/16/സിഇ/തസ്വഭവ

തീയതി : 07.09.2016

# സർക്കുലർ

വിഷയം:- തസ്വഭവ - തദ്ദേശ സ്വയംഭരണ വകുപ്പ് എൻജിനീയറിംഗ് വിഭാഗം മുഖേന നടപ്പിലാക്കി വരുന്ന സ്കൂൾ കെട്ടിട നിർമ്മാണ പ്രവൃത്തികളുടെ പുരോഗതി റിപ്പോർട്ട് ലഭ്യമാക്കുന്നത് - സംബന്ധിച്ച്.

സൂചന:- 31/08/2016 ലെ എൽ.എസ്.ജി.ഡി.-ഇ.ഡബ്ല്യു 1/173/2016-എൽ.എസ്.ജി.ഡി. നമ്പർ കത്ത്

സൂചനയിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. 17/08/2016 ൽ സെക്കന്ററി എഡ്യൂക്കേഷൻ ഡെവലപ്മെന്റ് സൊസൈറ്റി ഓഫ് കേരള (SEDSK) യുടെ ജനറൽ ബോഡി മീറ്റിംഗിൽ തദ്ദേശ സ്വയംഭരണ വകുപ്പ് എൻജിനീയറിംഗ് വിഭാഗം മുഖേന നടപ്പിലാക്കിവരുന്ന സ്കൂൾ കെട്ടിട നിർമ്മാണ പ്രവൃത്തികൾ കാലതാമസം ഉണ്ടാകുന്നതായും സമയബന്ധിതമായി പൂർത്തീകരിക്കാത്തതായും വിലയിരുത്തിയിരിക്കുകയാണ്. ആയതിന്റെ അടിസ്ഥാനത്തിൽ തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എൻജിനീയറുമായി ടി വിഷയത്തെ സംബന്ധിച്ച് ഒരു യോഗം കൂടുന്നതിനായി തീരുമാനിച്ചിരിക്കുകയാണ്.

ആയതിലേക്കായി തദ്ദേശ സ്വയംഭരണ വകുപ്പ് എൻജിനീയറിംഗ് വിഭാഗം മുഖേന പല സ്കീമുകളിലായും, തസ്വഭവ ഫണ്ടുകൾ ഉപയോഗിച്ചും നടപ്പിലാക്കി വരുന്ന സ്കൂൾ കെട്ടിട നിർമ്മാണ പ്രവൃത്തികളെ സംബന്ധിച്ചുള്ള (ഹൈസ്കൂൾ, ഹയർ സെക്കന്ററി സ്കൂൾ) വിശദമായ പുരോഗതി റിപ്പോർട്ട് എല്ലാ ജില്ലാപഞ്ചായത്ത് എക്സിക്യൂട്ടീവ് എൻജിനീയർമാരും, മുനിസിപ്പാലിറ്റികളുടെയും കോർപ്പറേഷനുകളുടെയും അധീനതയിലുള്ള പ്രസ്തുത സ്കൂളുകളുടെ വിവരങ്ങൾ യഥാക്രമം അതാത് മേഖലാ സൂപ്രണ്ടിംഗ് എൻജിനീയർമാരും, കോർപ്പറേഷൻ സൂപ്രണ്ടിംഗ് എൻജിനീയർമാരും ചുവടെ ചേർക്കുന്ന ഫോർമാറ്റിൽ ക്രോഡീകരിച്ച് 20/09/2016 ന് മുൻപായി ഈ ഓഫീസിൽ ഇ-മെയിൽ മുഖേന അടിയന്തിരമായി ലഭ്യമാക്കേണ്ടതാണ്. ടി പ്രവൃത്തികളിൽ തടസ്സപ്പെട്ടുകിടക്കുന്ന നിർമ്മാണ പ്രവൃത്തനങ്ങൾ ഉണ്ടെങ്കിൽ ആയത് തടസ്സപ്പെടുവാനുണ്ടായ കാരണ സഹിതം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

| ക്രമ നം. | പ്രവൃത്തിയുടെ പേര് (സ്കൂളിന്റെ പേര് സഹിതം) | ഗ്രാമപഞ്ചായത്ത് | അടങ്കൽ തുക | പൂർത്തീകരണ പുരോഗതി (ശതമാനത്തിൽ) | പൂർത്തീകരിച്ചിട്ടില്ലെങ്കിൽ അതിന്റെ കാരണം | റിമാർക്സ് |
| --- | --- | --- | --- | --- | --- | --- |
| | | | | | | |

ചീഫ് എൻജിനീയർ

S1435